**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 693** **11-06-2024 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ഉപയോഗം കുറയ്ക്കാൻ ലക്ഷ്യമിട്ടുള്ള പ്രചാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വേനലിൽ വൈദ്യുതി ഉപയോഗം കുറയ്ക്കാൻ ലക്ഷ്യമിട്ടുള്ള പ്രചാരണ വീഡിയോ തയ്യാറാക്കാൻ വൈദ്യുതി ബോർഡ് എത്ര ലക്ഷം രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | വേനൽക്കാലത്ത് വൈദ്യുതി ഉപഭോഗ കുറയ്ക്കുന്നതിനായി വലിയ തോതിലുള്ള ബോധവത്ക്കരണം നടത്തുവാന് ഉദ്ദേശ്യമുണ്ടായിരുന്നു. കാരണം വൈദ്യുത് ഉപഭോഗം കൂടുമ്പോൾ വൈദ്യുതി വലിയ വില കൊടുത്ത് പുറത്തുനിന്നും വാങ്ങേണ്ടതുണ്ട് തന്മൂലം ഉണ്ടാവുന്ന വൈദ്യുത് വിലവർദ്ധനവിനും അനുബന്ധ പ്രശ്നങ്ങൾക്കു വലിയൊരളവിൽ പരിഹാരം കാണുക എന്ന നിലയിലാണ് മുൻവർഷങ്ങളിലെപോലെ ബോധവത്ക്കരണ പരിപാടികൾ നടത്താനായി കെ.എസ്.ഇ.ബി.എൽ തയ്യാറെടുപ്പുകൾ നടത്തിയത്. ഇതിനായി പരസ്യം നൽകുന്നതുൾപ്പെടെ 24,00,000/- രൂപയുടെ ബജറ്റ് തയ്യാറാക്കിയിരുന്നു<br><br>എന്നാൽ പത്ര-ദൃശ്യ-ശ്രവ്യ-നവ മാധ്യമങ്ങളുമായി ചർച്ച നടത്തുകയു കെ.എസ്.ഇ.ബി.എൽ-ന്റെ സാമ്പത്തിക നിലയെ കുറിച്ച് ധരിപ്പിക്കുകയു മുൻകാലങ്ങളിൽ നമ്മൾ നൽകിയ പിന്തുണ ചൂണ്ടിക്കാണിച്ചും മാധ്യമങ്ങളുടെ സാമൂഹ പ്രതിബദ്ധത വ്യക്തമാക്കിയതിന്റെയു അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.എൽ പബ്ലിക് റിലേഷൻസ് വിഭാഗം തയ്യാറാക്കിയ ഊർജ്ജ വിദ്യാഭ്യാസ സീരീസ് പൊതുജനശ്രദ്ധ ആകർഷിക്കുന്ന രീതിയിൽ പ്രസിദ്ധീകരിക്കുകയും, മാധ്യമങ്ങൾ സ്വന്ത രീതിയിൽ പരിപാടികൾ അവതരിപ്പിക്കുകയും കെ.എസ്.ഇ.ബി.എൽ ഉദ്യോഗസ്ഥരുടെ അഭിമുഖങ്ങൾ നൽകുകയും തുകയൊന്നു ചെലവഴിക്കാതെ വ്യാപക ബോധവത്ക്കരണ നടത്താൻ സാധിക്കുകയും അതുവഴി ബുദ്ധിമു |

| | | | |
|---|---|---|---|
| | | | പരിഹരിക്കാനും സാധിച്ചു. ആയതിനാൽ ഈയിനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. |
| (ബി) | ഡിജിറ്റൽ മാഗസിൻ ഉൾപ്പെടെ തയ്യാറാക്കാൻ റെഗുലേറ്ററി കമ്മീഷന്റെ മുൻകൂർ അനുമതി ഉണ്ടായിരുന്നോയെന്ന് വ്യക്തമാക്കുമോ; വേനലിലെ ഊർജ്ജ സംരക്ഷണത്തിന് മഴക്കാലത്ത് പ്രചാരണം നടത്തുന്ന സാഹചര്യം എന്താണെന്നു വെളിപ്പെടുത്തുമോ? | (ബി) | ഡിജിറ്റൽ മാഗസിൻ തയ്യാറാക്കാൻ റെഗുലേറ്ററി കമ്മീഷന്റെ മുൻകൂർ അനുമതിയുടെ ആവശ്യമില്ല.<br><br>ഊർജ്ജ സംരക്ഷണത്തിന് വേനൽക്കാലത്താണ് വ്യാപകപ്രചാരണം നടത്തിയത്. മഴക്കാലത്ത് ഇത് സംബന്ധിച്ച് യാതൊരു തരത്തിലുള്ള പ്രചാരണവും നടത്തിയിട്ടില്ല. അതേ സമയം ഊർജ്ജ സംരക്ഷണം എന്നത് ഒരു നല്ല സംസ്കാരം ഉള്ള ജീവിതചര്യയുടെ ഭാഗവും ലക്ഷ്യവുമാണ്. അതിന് കാലക്രമമില്ല. മികച്ച പൗരബോധമുള്ള ജനങ്ങളെ വാർത്തെടുക്കുക എന്നത് സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു സ്ഥാപനത്തിന്റെ കർത്തവ്യമാണ്. അത് എപ്പോഴും തുടരുകതന്നെ വേണമെന്ന് സർക്കാർ കരുതുന്നു. |

സെക്ഷൻ ഓഫീസർ